# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 377
## 27.02.2018 ലെ മറുപടിക്ക്

## സ്കൂളുകളിലേക്ക് ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിലേക്ക് ബസുകൾ വാങ്ങുമ്പോൾ പ്രൊപ്പോസൽ സമർപ്പിക്കുന്നത് മുതൽ ബസ് വാങ്ങുന്നത് വരെയുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് യാത്രസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി നൽകിയിരിക്കുന്നത് 09.12.2016-ൽ പുറപ്പെടുവിച്ച സ.ഉ.(പി) നം. 178/2016/ധന പ്രകാരമാണ്. പ്രസ്തുത ഉത്തരവനുസരിച്ച് ബന്ധപ്പെട്ട ജില്ലാ പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നീ നിബന്ധനകളോടും കൂടി സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ ബസ് വാങ്ങുന്നതിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനായുള്ള ചെലവ് വഹിക്കേണ്ടത് പൊതുവിദ്യാഭ്യാസ വകുപ്പിനായി ആസ്തി വികസന പദ്ധതിയിൻ കീഴിൽ നിർദ്ദേശിച്ചിട്ടുള്ള '4202-01-800-88-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്നാണ്. ആസ്തി വികസന ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായുള്ള ശുപാർശകൾ എം.എൽ.എ.മാർ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കുകയും ജില്ലാ കളക്ടർമാർ ആയത് പരിശോധിച്ച് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഭരണാനുമതി പുറപ്പെടുവിക്കേണ്ടതുമാണ്. ബസ് വാങ്ങുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരം ആയതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മേൽ ശീർഷകത്തിൽ നിന്നും ഫണ്ട് അനുവദിച്ചു നൽകുന്നതാണ്. |
| (ബി) | ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ലളിതമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ